**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 899** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>കുന്നംകുളം വേലൂർ കിടായിച്ചിറ പുനരുദ്ധാരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിലെ വേലൂർ ഗ്രാമപഞ്ചായത്തിൽ കിടായിച്ചിറ പുനരുദ്ധാരണ പ്രവൃത്തികൾക്കായി (സ.ഉ.(സാധാ) നം.32/2023/ഡബ്ലിയു.ആർ.ഡി.) 3 കോടി രൂപയുടെ ഭരണാനുമതി നൽകി കരാർ വെച്ച പദ്ധതിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** കുന്നംകുളം മണ്ഡലത്തിലെ വേലൂർ പഞ്ചായത്തിലെ കിടായിച്ചിറയുടെ നവീകരണ പ്രവൃത്തി നിലവിൽ 39% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ചിറയുടെ ചുറ്റും 480 മീറ്ററിൽ toe wall, അതിന് മുകളിലായി top belt എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചിറയിൽ നിന്നും വെള്ളം കൃഷി സ്ഥലത്തേക്ക് കൊണ്ട് പോകുന്നതിനായി 44 മീറ്റർ നീളത്തിൽ leading channel നിർമ്മാണം, സ്ലൂയിസുകളുടെ നിർമ്മാണം, desilting elevated walk way യുടെ നിർമ്മാണത്തിനായുള്ള columns എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള toe wall നിർമ്മാണം, bund formation, drain walk way എന്നിവയുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് അംഗീകരിച്ചതിനുശേഷം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിച്ച് വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നല്കിയതിന് ശേഷമുള്ള working season ൽ കരാറുകാരൻ സൈറ്റിൽ പ്രവൃത്തി പുനഃരാരംഭിച്ചു എങ്കിലും തൊഴിലാളികളുടെ ക്ഷാമം മൂലവും കാലാവസ്ഥ വ്യതിയാനവും അനിയന്ത്രിതമായ ചൂട് മൂലം പ്രവർത്തന സമയം പുനഃക്രമീകരിച്ചതിനാലും പ്രവൃത്തി നടപ്പിലാക്കുവാൻ കരാറുകാരന് സാധിച്ചില്ല. തുടർന്ന് മൺസൂൺ ആരംഭിച്ച് കിടായിച്ചിറയിൽ വെള്ളം നിറഞ്ഞതിനാലും ചിറയിലേക്കുള്ള വഴി ഗതാഗത യോഗ്യമല്ലാത്തതിനാലും പ്രവൃത്തി നടപ്പിലാക്കുവാൻ അനുകൂലമായ സാഹചര്യമായിരുന്നില്ല. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്ന തിനായുള്ള നടപടികൾ സ്വീകരിച്ച വരുന്നു.

**സെക്ഷൻ ഓഫീസർ**